പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3072 13.03.2018-ലെ മറുപടിക്ക്

## റിസർവ് കണ്ടക്ടർ നിയമനം

| ചോദ്യം<br>ശ്രീ. എ. എൻ. ഷംസീർ | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| പി.എസ്.സി അഡ്വൈസ് മെമ്മോ അയച്ച റിസർവ് കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ നിയമനം എപ്പോൾ നൽകും എന്ന് വ്യക്തമാക്കുമോ? | നിലവിൽ കോർപ്പറേഷൻ അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് ഉഴലുകയാണ്. വരവും ചെലവും പൊരുത്തപ്പെടാനാവാത്ത അന്തരം ഉണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ പറ്റാത്ത അതീവ ഗുരുതര പ്രതിസന്ധിയിലാണ്. ഈ സന്ദിഗ്ധ ഘട്ടത്തിലാണ് കേരള സർക്കാർ കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനരുദ്ധാരണത്തിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊൽക്കട്ടയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫ.സുശീൽ ഖന്നയെ നിയോഗിച്ചിട്ടുള്ളത്. സൂക്ഷ്മമായ വിശകലനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ RTC കളുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.യിലെ ബസ്സ്-ജീവനക്കാർ തമ്മിലുള്ള അനുപാതം വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമെ കെ.എസ്.ആർ.ടി.സിയുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ ശരാശരി 5.5 ആണ്. ടി ദേശീയ ശരാശരിക്ക് ഒപ്പമായി കോർപ്പറേഷനിലെ ബസ്സ് - ജീവനക്കാരുടെ അനുപാതം ക്രമീകരിക്കുമ്പോൾ നിലവിലുള്ള ജീവനക്കാർ തന്നെ അധികമാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരെ പിരിച്ചു വിടാതെ സർവ്വീസിന്റെ എണ്ണം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമെ നിലവിൽ പുതിയ ജീവനക്കാരെ നിയോഗിക്കാൻ കോർപ്പറേഷന് നിർവ്വാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ